**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5221** **12-08-2021 - ൽ മറുപടിയ്ക്ക്**

**സഞ്ചയിക പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | Shri K N Balagopal (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ വിദ്യാർത്ഥികളിൽ സമ്പാദ്യശീലം വളർത്തുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോ; സഞ്ചയിക പദ്ധതി സംസ്ഥാനത്തെ എത്ര സ്കൂളുകളിലാണ് നിലവിലുള്ളത്; | (എ) | ഉണ്ട്. സഞ്ചയികാ പദ്ധതി 01.10.2016 പ്രാബല്യത്തോടെ നിർത്തിവയ്ക്കുന്നതായി 09.09.2016 തീയതിയിലെ എഫ്.എൻ.നം.01/04/2015-എൻ.എസ് നമ്പർ കത്ത് പ്രകാരം കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ സാമ്പത്തിക കാര്യ വിഭാഗം സംസ്ഥാന സർക്കാരിനെ അറിയിച്ചതിനെ തുടർന്ന് സഞ്ചയികാ സമ്പാദ്യ പദ്ധതിയുടെ അതേ മാനദണ്ഡങ്ങൾ നിലനിർത്തിക്കൊണ്ട് സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം എന്ന പേരിൽ 29.09.2016 തീയതിയിലെ സ.ഉ.(സാധാ) നം.7883/16/ധന. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ട്രഷറി വകുപ്പുമായി സഹകരിച്ച് വിദ്യാർത്ഥികൾക്കായുള്ള സമ്പാദ്യ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സഞ്ചയികാപദ്ധതി നിർത്തലാക്കിയതിനെ തുടർന്ന് ആരംഭിച്ച സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീമിൽ 349 സ്കൂളുകളാണ് നിലവിലുള്ളത്. |
| (ബി) | എത്ര ശതമാനം വിദ്യാർത്ഥികൾ പ്രസ്തുത പദ്ധതിയിൽ നിക്ഷേപം നടത്തുന്നുണ്ട്; | (ബി) | യു.പി, എച്ച്.എസ് വിഭാഗങ്ങളിലുള്ള വിദ്യാർത്ഥികളിൽ 1.74% വിദ്യാർത്ഥികൾ സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം പദ്ധതിയിൽ നിക്ഷേപം നടത്തിവരുന്നു. |
| (സി) | സ്കൂൾ വിദ്യാർത്ഥികൾക്ക് സാമ്പത്തിക വിദ്യാഭ്യാസം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (സി) | കോവിഡ് 19 മഹാമാരി മൂലം 2020 മാർച്ച് മുതൽ സ്കൂളുകൾ അടഞ്ഞുകിടക്കുന്നതിനാൽ വിദ്യാർത്ഥികൾക്ക് സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീമുമായി ബന്ധപ്പെടുത്തി സാമ്പത്തിക വിദ്യാഭ്യാസം നൽകുന്നതിനുള്ള പദ്ധതികൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ